# ആത്മസാതം

ജനുവരി, ഫെബ്രുവരി, മാർച്ച് – 2026

ക്രിസ്തുമസ്–പുതുവത്സര തിരുനാൾ ആശംസകൾ



## സെന്റ് സെബാസ്റ്റ്യൻ ചർച്ച്

കല്ലുംകുന്ന്


Christening of
ITHAL MARIA SHIJO
D/o Shijo N F & Lincy Shijo
Nedumparambil House
Sharing happiness...
Abel Shijo, Ashel Shijo, Abishel Shijo, Eshal Maria shijo


First Holy Communion
27/09/2025
ABNER RINSON
S/o. Rinson Antony & Maymol
Vadakkethala (H)
Kallamkunnu.



# തിരുനാൾ പ്രസുദേന്തിമാർ



പൊഴോലിപറമ്പിൽ
വറീത് ജോർജ്ജ്



പൊഴോലിപറമ്പിൽ
ജോസ് ജിജു



തൊമ്മാന
ജോൺസൻ ജിന്റോ



പൊഴോലിപറമ്പിൽ
കുഞ്ഞുവറീത് ജോസ്



പൊഴോലിപറമ്പിൽ
ജോൺ ടിജോ



എരുമക്കാട്ടുപറമ്പിൽ
പോൾ നോബിൾ



പൊഴോലിപറമ്പിൽ
ലോനപ്പൻ ജിപ്സൻ



പൊഴോലിപറമ്പിൽ
ആന്റണി ബാബു

## ഏവർക്കും തിരുനാ



പൊഴോലിപറമ്പിൽ
റപ്പായി ജെയ്സൺ
കുരിശ്ശിങ്കൽ
വർഗ്ഗീസ് അന്തോ
പൊഴോലിപറമ്പിൽ
ഗ്രേസി ജോർജ്ജ്
പൊഴോലിപറമ്പിൽ
റപ്പായി വിൻസൻ
പൊഴോലിപറമ്പിൽ
വറീത് ബെന്നി
എലുവത്തിങ്കൽ കൂനൻ
മറിയം ജോണി
തെക്കൂടൻ
ഡിനി ഡേവിസ്
പൊഴോലിപറമ്പിൽ
മൈക്കിൾ ബിനോ
ൾ ആശംസകളോടെ....


5th Happy Anniversary!
Ivin
And
Nimmi
Best Compliments From,
Pappa, Amma, Bijoy, Irin & Bellamol


FIRST HOLY COMMUNION
2025 November 22 Saturday
VINCENT THOMAS
S/o Thomas Vincent & Siji Thomas
Vezhaparambil (H),
Kallamkunnu,
P.O Nadavaramba.



## പാവന സ്മരണക്ക്

# കൊടിയിൽ (പൊഴോലിപറമ്പിൽ) ലൂയിസ്

ജനനം 28-03-1933
മരണം 25-01-2019

ദുഃഖാർത്ഥരായ കുടുംബാംഗങ്ങൾ

## സ്നേഹ സ്മരണയ്ക്ക്





നെടുംപറമ്പിൽ വാറു മകൻ

# തോമസ്

ജനനം: 30 – 12 – 1957
മരണം: 03 – 11 – 2025




ആശംസകളോടെ...

P.V. & SONS

മലഞ്ചരക്ക് വ്യാപാരം

മുനിസിപ്പൽ ബിൽഡിംഗ്, ഇരിങ്ങാലക്കുട മാർക്കറ്റ്



# ആത്മസാതം

## ക്രിസ്തുമസ് – പുതുവത്സര – തിരുനാൾ സ്പെഷ്യൽ

## പാരീഷ് ബുള്ളറ്റിൻ

2026 ജനുവരി, ഫെബ്രുവരി, മാർച്ച്

(സ്ഥാപിതം : 1986 മാർച്ച് 30)

നടവരമ്പ് പി.ഒ. – 680 661, കല്ലംകുന്ന്

*Whatsapp Number : 9447447714*

email : athmasatham@gmail.com I www.kallamkunnuchurch.com

### എഡിറ്റോറിയൽ ബോർഡ്

**രക്ഷാധികാരി**
റവ.ഫാ. അനൂപ് കോലംകണ്ണി
Ph: 9495967753

**എഡിറ്റർ ഇൻചാർജ്**
ജെർലിൻ ജോയ്

**സെക്രട്ടറി**
വർഷ നോബിൾ

**ട്രഷറർ**
ജോയൽ ജോൺസൻ
Ph: 9562833324

**കമ്മറ്റിയംഗങ്ങൾ**
ജിന്റോ ജോൺ തൊമ്മാന
ബിനോയ് എൻ.വി.
പി.ജെ.ആൻഡ്രൂസ്
പി.ആർ. പോൾസൻ
നിജിത തോമസ്
ലിയോ റാഫേൽ
ജോയ്സി മാത്യു
ആന്റണി ദേവസ്സി
പ്രിൻസി വർഗ്ഗീസ്
ജെഫ്രിൻ സോജി
മേരി ആൻഡ്രൂസ്
ജിജോ ജോസ്
സി.ലിദിയ SMC

### ഇതളുകളിലൂടെ

- എഡിറ്റോറിയൽ
- ഇടയസന്ദേശം
- ഇടവകനാൾ വഴി
- ഇടവക വാർത്തകൾ
- തിരുനാൾ പരിപാടികൾ
- സെന്റ് കാർലോ അക്യൂട്ടിസ്
- ഒരു കല്ലേറുദൂരം ഈശോയുടെ കൂടെ
- നിർമ്മിത ബുദ്ധി
- മതബോധന വാർത്തകൾ
- വി. സെബസ്ത്യാനോസ്
- നിത്യകുർബ്ബാന ദിവസങ്ങൾ
- കുടുംബ സമ്മേളനങ്ങൾ
- വിശുദ്ധ സെബസ്ത്യാനോസിനോടുള്ള ജപം




# നിലാവിന്റെ മന്ത്രവും, ദൈവത്തിന്റെ വിളിയും

**അ**ങ്ങനെ വർഷം വീണ്ടും പുതുമയുടെ ആദ്യപടിയിലെത്തിയിരിക്കുന്നു–സ്നേഹത്തിന്റെ താപവും, പ്രതീക്ഷയുടെ ഗന്ധവും നിറഞ്ഞ ഒരു പുതുവർഷം. പുതിയൊരു തുടക്കത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ ജനുവരി മാസം കേവലം ഒരു കലണ്ടർ മാറ്റം മാത്രമല്ല, മറിച്ച് ദൈവസ്നേഹം ഹൃദയത്തിൽ നിറയ്ക്കാൻ ലഭിച്ച ഒഴിവുകാലമാണ്. ഈ മാസത്തിലെ പൂർണ്ണചന്ദ്രനെ 'വുൾഫ് മൂൺ' എന്നാണ് വിളിക്കുന്നത്. ശീതകാല രാത്രികളിൽ ചെന്നായ്ക്കളുടെ ഓരിയിടൽ കൂടുതലായിരുന്ന സമയമായതുകൊണ്ട് അന്നുജീവിച്ചിരുന്നവർ ആ പൗർണമിക്ക് നൽകിയ പേരാണത്. ഈ ചന്ദ്രൻ നമ്മോട് മൃദുവായി പറയുന്നൊരു മന്ത്രമുണ്ട്: "പുതിയൊരു തുടക്കം" കഴിഞ്ഞ വർഷത്തിലെ വേദനകൾ, പിഴവുകൾ, ഇവയെല്ലാം ചന്ദ്രന്റെ വെളിച്ചത്തിൽ ഒന്ന് വെച്ചു നോക്കുമ്പോൾ, അവയ്ക്ക് ഒരു പുതിയ അർത്ഥം കിട്ടും. പഴയതിനെ ഉപേക്ഷിക്കാനും പുതിയതിനെ വരവേൽക്കാനുമുള്ള ഒരു പ്രചോദനം.

കാടിനകത്തെ നിശബ്ദതയിൽ ഒറ്റയായി അലറി നിൽക്കുന്ന ചെന്നായയെപ്പോലെ, മനുഷ്യർക്കിടയിലും ചില അവസരങ്ങളിൽ നമ്മൾ ഏകാന്തരായി തോന്നാം. ചെന്നായ്ക്കൾ ഒരിക്കലും ഒറ്റയ്ക്ക് ജീവിക്കുന്നില്ല; അവർ ഒരു കൂട്ടമായി മുന്നോട്ട് സഞ്ചരിക്കുന്നു. അതുപോലെ ജീവിതത്തിലെ ബുദ്ധിമുട്ടുകൾ നമ്മെ വേർപ്പെടുത്തുന്നതല്ല. പരസ്പരം ചേർത്തുപിടിക്കുന്നതാണെന്ന് ഈ പൂർണ്ണചന്ദ്രൻ നമ്മെ പഠിപ്പിക്കുന്നു. ഈ പുതിയ വർഷത്തിന്റെ കാതൽ, ഈ പുതുതായി ഉയർന്ന ചന്ദ്രന്റെ പ്രകാശം, നമുക്ക് ഒരു സന്ദേശം നൽകട്ടെ; പഴയതിനെ ഉപേക്ഷിച്ച്, പുതിയതിനെ വരവേൽക്കുക, ഒരു വർഷം കൂടിപ്രത്യാശയോടെ ആരംഭിക്കാം. '

*'ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; അതിനെ കീഴടക്കാൻ ഇരുളിനും കഴിഞ്ഞില്ല." (യോഹന്നാൻ 1:5)*

**ജെർലിൻ ജോയ്**

എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും.
(യോഹ 14:23)





# ഇടയ സന്ദേശം



## ഹൃദയ തിളക്കം

ഒരു ചെറിയ ഗ്രാമത്തിൽ, പള്ളിയുടെ മുകളിൽ ഒരു വലിയ ക്രിസ്തുമസ് നക്ഷത്രം കത്തിക്കാൻ നഗരവാസികൾ തീരുമാനിച്ചു. എല്ലാവരും തങ്ങളാൽ കഴിയുന്നത് കൊണ്ടുവന്നു. ചിലർ മെഴുകുതിരികൾ സമർപ്പിച്ചു, മറ്റുചിലർ എണ്ണ നൽകി, ചിലർ ചെറിയ വിളക്കുകൾ കൊണ്ടുവന്നു. എന്നാൽ നൽകാൻ ഒന്നുമില്ലാത്ത ഒരു ദരിദ്ര വിധവ നിശബ്ദമായി മുട്ടുകുത്തി തന്റെ ഹൃദയം ക്രിസ്തുവിനുള്ള വെളിച്ചമാകട്ടെ എന്ന് പ്രാർത്ഥിച്ചു. ക്രിസ്തുമസ് രാത്രിയിൽ, നക്ഷത്രം പ്രകാശിച്ചപ്പോൾ, ഒരു വിചിത്രമായ തിളക്കം മുഴുവൻ ഗ്രാമത്തെയും നിറച്ചു. ഗോപുരത്തിൽ നിന്ന് മാത്രമല്ല, എല്ലാ വീട്ടിലും എല്ലാ ഹൃദയത്തിൽ നിന്നും വെളിച്ചം വരുന്നതായി ആളുകൾ പറഞ്ഞു. അപ്പോഴാണ് അവർ മനസ്സിലാക്കിയത് ക്രിസ്തുമസിന്റെ യഥാർത്ഥ വെളിച്ചം നമ്മൾ നൽകുന്നതിൽ നിന്നുമാത്രമല്ല, മറിച്ച് നമ്മൾ എങ്ങനെ സ്നേഹിക്കുന്നു എന്നതിൽ നിന്നുകൂടിയാണ് പ്രകാശിക്കുന്നത്.

ദൈവസ്നേഹം അവിടുത്തെ മുന്നിൽ തുറന്നിരിക്കുന്ന ഹൃദയങ്ങളിലൂടെയാണ് പ്രകാശിക്കുന്നത്. ക്രിസ്തുമസിന്റെ മണികൾ വീണ്ടും മുഴങ്ങുമ്പോൾ, ബെത്‌ലഹേമിലെ എളിയ പുൽത്തൊട്ടിയിൽ മാംസരൂപം സ്വീകരിച്ച് ദൈവസ്നേഹത്തിന്റെ നിഗൂഢതയിൽ നമ്മുടെ ഹൃദയങ്ങൾ സന്തോഷവും അത്ഭുതവും കൊണ്ട് നിറഞ്ഞിരിക്കുന്നു. ദൈവം തന്റെ അസാധാരണമായ സ്നേഹം വെളിപ്പെടുത്താൻ ഏറ്റവും ലളിതമായ സ്ഥലങ്ങളും ഏറ്റവും സാധാരണമായ ഹൃദയങ്ങളും തിരഞ്ഞെടുക്കുന്നുവെന്ന് ഈ വിശുദ്ധ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു.

നമ്മുടെ ഇടവക മധ്യസ്ഥനായ വി. സെബസ്ത്യാനോസിന്റെ തിരുനാൾ ആഘോഷിക്കാൻ നാം തയ്യാറെടുക്കുമ്പോൾ, തിളക്കമാർന്ന വിശ്വാസത്തിന്റെ, സാധാരണമായ ഹൃദയം തിരഞ്ഞെടുത്തതിന്റെ മറ്റൊരു ഉദാഹരണം നമുക്ക് കാണാം. വിശുദ്ധ സെബസ്ത്യാനോസ് ധൈര്യത്തിന്റെ പടയാളിയും ആഴമായ ബോധ്യത്തിന്റെ ശിഷ്യനുമായിരുന്നു. വിശ്വാസത്തിനുവേണ്ടി പീഡിപ്പിക്കപ്പെട്ടിട്ടും അദ്ദേഹം ഒരിക്കലും ഹൃദയം നഷ്ടപ്പെടുത്തിയില്ല. ആയുധങ്ങളിൽ നിന്നോ അധികാരത്തിൽ നിന്നോ അല്ല, മറിച്ച് ദൈവത്തിലുള്ള അദ്ദേഹത്തിന്റെ അചഞ്ചലമായ വിശ്വാസത്തിൽ നിന്നാണ് അദ്ദേഹത്തിന് ശക്തി ലഭിച്ചത്. കഷ്ടപ്പാടുകളിലും പരീക്ഷണങ്ങളിലും വിശ്വാസത്തിന് നമ്മെ ശക്തരാക്കാൻ കഴിയുമെന്നും സ്നേഹത്തിന് നമ്മെ വിജയികളാക്കാൻ കഴിയുമെന്നും അദ്ദേഹം നമ്മെ പഠിപ്പിക്കുന്നു.

ഈ ക്രിസ്തുമസിലും ഇടവക തിരുനാളിലും, ക്രിസ്തുവിന്റെ വെളിച്ചവും വിശുദ്ധ സെബസ്ത്യാനോസിന്റെ ധൈര്യവും നമ്മുടെ വീടുകളിലേക്കും ജോലിസ്ഥലങ്ങളിലേക്കും ദൈനംദിന ജീവിതത്തിലേക്കും നമുക്ക് കൊണ്ടുപോകാം. വിശ്വാസം, ഐക്യം, സന്തോഷം എന്നിവയാൽ പ്രകാശിക്കുന്ന ഒരു ഇടവക സമൂഹമായി നമുക്ക് മാറാം.

ക്രിസ്തുമസ് – പുതുവത്സര – തിരുനാൾ ആശംസകളോടെ, വികാരിയച്ചൻ.

കർത്താവ് വാഗ്ദാനങ്ങളിൽ വിശ്വസ്തനും പ്രവൃത്തികളിൽ കാരുണ്യവാനുമാണ്. സങ്കീ (145:13)



# ഇടവകനാൾ വഴി

1 ഒക്ടോബർ 1 മുതൽ 14 വരെ എല്ലാ ദിവസങ്ങളിലും നടത്തിയ ജപമാല പ്രാർത്ഥനയിൽ ഇടവകാംഗങ്ങൾ സജീവമായി പങ്കെടുത്തു. 15–ാം തിയ്യതി ആഘോഷമായ തിരിപ്രദക്ഷിണത്തോടെ പരിശുദ്ധ അമ്മയുടെ രൂപം പള്ളിയിൽ പ്രതിഷ്ഠിച്ചു.

2 ഒക്ടോബർ 16–ാം തിയ്യതി മുതൽ 25–ാം തിയ്യതിവരെ ഇടവകയിലെ വിവിധ സംഘടനകളുടെയും, കുടുംബയൂണിറ്റുകളുടെയും നേതൃത്വത്തിൽ ആഘോഷമായ ജപമാലയും, വി. കുർബ്ബാനയും ദേവാലയത്തിൽ നടത്തി.

3 ഒക്ടോബർ 26–ാം തിയ്യതി അനുഗ്രഹദായകമായ ഊട്ടുതിരുനാൾ നടന്നു.

4 നവംബർ 1–ാം തിയ്യതി സകല വിശുദ്ധരുടെയും സകല മരിച്ചവരുടെയും തിരുനാൾ ആഘോഷിച്ചു.

5 വി. വിർജീനിയായുടെ തിരുനാളിനോടനുബന്ധിച്ച് നവംബർ 9ന് ഇടവകാംഗങ്ങളുടെ നേതൃത്വത്തിൽ 'ഫ്രാൻസീസ് മാഷിന്റെ വീട്' എന്ന നാടകം അവതരിപ്പിച്ചു. പ്രസ്തുത പരിപാടിയോട് ചേർന്ന് മതബോധന വിദ്യാർത്ഥികളുടെയും, അധ്യാപകരുടെയും പിടിഎ അംഗങ്ങളുടെയും നേതൃത്വത്തിൽ ഫുഡ് ഫെസ്റ്റ് സംഘടിപ്പിച്ചു.

6 ഡിസംബർ 1 മുതൽ 25 വരെ നോമ്പാചരണം

7. മിഷൻ ഞായറിനോടനുബന്ധിച്ച് മൂന്ന് യൂണിറ്റുകളുടെ നേതൃത്വത്തിൽ കാർഷികോല്പന്നങ്ങളുടെ ലേലം നടത്തി.

# ഇടവക വാർത്തകൾ

* ഡിസംബർ 24–ാം തിയ്യതി വി. സെബസ്ത്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ച് നവനാൾ തിരുകർമ്മങ്ങൾ ആരംഭിക്കുന്നു.
* ജനുവരി 3,4 തിയ്യതികളിൽ ഇടവക മദ്ധ്യസ്ഥനായ വി. സെബസ്ത്യാനോസിന്റെ തിരുനാൾ
* ജനുവരി 11–ാം തിയ്യതി എട്ടാമിടം തിരുനാൾ
* ജനുവരി 20–ാം തിയ്യതി കപ്പേള തിരുനാൾ
* ജനുവരി 25–ാം തിയ്യതി ഇടയ സന്ദർശനം
* ഫെബ്രുവരി 16–ാം തിയ്യതി വിഭൂതി തിരുനാളും വലിയ നോമ്പാരംഭവും
* നോമ്പുകാലത്തെ വെള്ളിയാഴ്ചകളിൽ കുടുംബയൂണിറ്റുകളിൽ നിന്നും കുരിശിന്റെ വഴി ഉണ്ടായിരിക്കുന്നതാണ്.
* മാർച്ച് 19 : വി. യൗസേപ്പിതാവിന്റെ മരണതിരുനാൾ
* മാർച്ച് 29 : ഓശാന ഞായർ

നിയമം ലംഘിക്കുന്നവർ ദുഷ്ടരെ പ്രശംസിക്കുന്നു.
നിയമം പാലിക്കുന്നവർ അവരോട് ഏറ്റുമുട്ടുന്നു. (സുഭാ 28:4)



ഇടവക മദ്ധ്യസ്ഥനായ
വി. സെബസ്ത്യാനോസിന്റെ

# തിരുനാൾ

**2025 ഡിസംബർ 24 മുതൽ 2026 ജനുവരി 05 വരെ**

| | |
|---|---|
| 2025 ഡിസംബർ 24, 6.30 am | **തിരുനാൾ കൊടിയേറ്റം**<br>ലദീഞ്ഞ്, നൊവേന, വി. കുർബ്ബാന<br><br>കാർമ്മികൻ : **റവ. ഫാ. കിരൺ തട്ട്ല**<br>പ്രസുദേന്തി: നെടുംപറമ്പിൽ കരോളിൻ ബെല്ല ഐവിൻ |
| 2025 ഡിസംബർ 25 | ക്രിസ്തുമസ് |
| 2025 ഡിസംബർ 26, 6.30 am | ലദീഞ്ഞ്, നൊവേന, വി. കുർബ്ബാന<br>കാർമ്മികൻ : **റവ. ഫാ. ജോസഫ് ചിറ്റിലപ്പിള്ളി**<br>പ്രസുദേന്തി: നെടുംപറമ്പിൽ ഫ്രാൻസീസ് ഷിജോ |
| 2025 ഡിസംബർ 27, 6.30 am | ലദീഞ്ഞ്, നൊവേന, വി. കുർബ്ബാന<br>കാർമ്മികൻ : **റവ. ഫാ. ജോമിൻ ചെരടായി**<br>പ്രസുദേന്തി: മുണ്ടാത്താനത്ത് ഡൊമിനിക് മാത്യു |
| 2025 ഡിസംബർ 28, 6.30 am | ലദീഞ്ഞ്, നൊവേന, വി. കുർബ്ബാന<br>കാർമ്മികൻ : **റവ. ഫാ. ആന്റോ വട്ടോലി**<br>പ്രസുദേന്തി: പൊഴോലിപറമ്പിൽ വറീത് ജോർജ്ജ് & ഫാമിലി |
| 2025 ഡിസംബർ 29, 6.30 am | ലദീഞ്ഞ്, നൊവേന, വി. കുർബ്ബാന<br>കാർമ്മികൻ : **റവ. ഫാ. വിക്ടർ തൊമ്മാന**<br>പ്രസുദേന്തി: പൊഴോലിപറമ്പിൽ ജെറിൻ & മരിയ |
| 2025 ഡിസംബർ 30, 6.30 am | ലദീഞ്ഞ്, നൊവേന, വി. കുർബ്ബാന<br>കാർമ്മികൻ : **റവ. ഫാ. സിന്റോ മാടവന**<br>പ്രസുദേന്തി: പൊഴോലിപറമ്പിൽ മൈക്കിൾ ബിനോ |
| 2025 ഡിസംബർ 31, 6.30 am | ലദീഞ്ഞ്, നൊവേന, വി. കുർബ്ബാന<br>കാർമ്മികൻ : **റവ. ഫാ. ലിജോ ചിറ്റിലപ്പിള്ളി**<br>പ്രസുദേന്തി: തെക്കൂടൻ ഡേവിസ് & മിനി |
| 2026 ജനുവരി 01, 6.30 am | ലദീഞ്ഞ്, നൊവേന, വി. കുർബ്ബാന<br>കാർമ്മികൻ : **റവ. ഫാ. അനൂപ് കോലംകണ്ണി**<br>പ്രസുദേന്തി : പൊഴോലിപ്പറമ്പിൽ ആൻഡ്രൂസ് അരുൺ & അമൽ |

| | |
|---|---|
| 2026 ജനുവരി 02, 6.30 am | **ലദീഞ്ഞ്, നൊവേന, വി. കുർബ്ബാന**<br>കാർമ്മികൻ : **റവ. ഫാ. മിൽട്ടൺ തട്ടിൽ കുരുവിള**<br>പ്രസുദേന്തി: **പൊഴോലിപറമ്പിൽ ജോൺസൻ ജോവിൻ & മരിയ** |
| 7.00 pm | **ദീപാലങ്കാരം സ്വിച്ച് ഓൺ കർമ്മം** |
| 2026 ജനുവരി 03 | **അമ്പ് എഴുന്നള്ളിപ്പ് ദിനം** |
| 6.30 am | **വി. കുർബ്ബാന, ലദീഞ്ഞ്, നൊവേന**<br>കാർമ്മികൻ : **റവ. ഫാ. ജിതിൻ തണ്ടിയേക്കൽ**<br>**പ്രസുദേന്തിവാഴ്ച – മൂന്ന് വയസ്സിന് മുകളിലുള്ള കുട്ടികൾ** |
| ഉച്ചതിരിഞ്ഞ് 2 pm | അമ്പ് എഴുന്നള്ളിപ്പ് വീടുകളിലേക്ക് |
| 7.50 pm | അമ്പ് പള്ളിയിൽ എത്തിച്ചേരുന്നു.<br>തുടർന്ന് കൂട് തുറക്കൽ, പള്ളി ചുറ്റി പ്രദക്ഷിണം<br>രൂപം എഴുന്നള്ളിച്ചുവെക്കൽ |
| 2026 ജനുവരി 04 | **തിരുനാൾ ദിനം** |
| 10.00 am | **പ്രസുദേന്തി വാഴ്ച,**<br>**ആഘോഷമായ തിരുനാൾ പാട്ടുകുർബ്ബാന**<br>മുഖ്യകാർമ്മികൻ : **റവ. ഫാ. ജിന്റേഷ് മാളിയേക്കൽ OFMConv.**<br>സന്ദേശം : **റവ. ഫാ. ജോജോ കുറ്റിക്കാടൻ**<br>സഹകാർമ്മികൻ : റവ.ഫാ. സെബാസ്റ്റ്യൻ ഇലഞ്ഞിമറ്റം **MST** |
| 5.00 pm | **തിരുനാൾ പ്രദക്ഷിണം** |
| 7.00 pm | തിരുനാൾ പ്രദക്ഷിണം സമാപനം, തിരുശേഷിപ്പിന്റെ<br>ആശീർവ്വാദം, വർണ്ണമഴ |
| 2026 ജനുവരി 05 | **പരേതർക്കുവേണ്ടിയുള്ള അനുസ്മരണം** |
| 5.00 pm | അനുസ്മരണ ബലി, സിമിത്തേരിയിൽ പൊതുഒപ്പീസ് |
| 7.00 pm | **മ്യൂസിക്കൽ ഫ്യൂഷൻ മെഗാഷോ** |
| 2026 ജനുവരി 11 | **എട്ടാമിടം**<br>(നടത്തുന്നത് സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്) |
| 7.00 am | **വി. കുർബ്ബാന, ലദീഞ്ഞ്, നൊവേന** |
| 2025 ജനുവരി 20 | **കപ്പേള തിരുനാൾ** |
| 5.30 pm | **ലദീഞ്ഞ്, നൊവേന, സന്ദേശം**<br>പ്രസുദേന്തി – **റബേക്ക റോസ് ജോമോൻ പൊഴോലിപറമ്പിൽ** |

അന്വേഷിച്ചറിയാതെ കുറ്റം ആരോപിക്കരുത്. ആദ്യം ആലോചന,
പിന്നെ ശാസനം. (പ്രഭാ 11:7)

# തിരുനാൾ കമ്മിറ്റിയംഗങ്ങൾ



**റവ.ഫാ. അനൂപ് കോലംകണ്ണി**
(വികാരി)



**ജോസ് റാഫേൽ**
(ട്രസ്റ്റി)



**ആൻഡ്രൂസ് പി.ജെ.**
(ട്രസ്റ്റി)



**വിൻസൻ പി.ആർ.**
ജനറൽ കൺവീനർ



**ബാബു പി.കെ**
ജോ.കൺവീനർ &
വാദ്യം കൺവീനർ



**ജിന്റോ ജോൺ ടി.**
(ട്രഷറർ & കൺവീനർ പ്രോഗ്രാം)



**റവ. സി.കാതറിൻ SMC**
കൺവീനർ - ലിറ്റർജി



**റവ. സി. ലിദിയ SMC**
കൺവീനർ പള്ളി അലങ്കാരം



**ജോയൽ പി.ജോൺസൻ**
(കൺവീനർ, ലൈറ്റ് & സൗണ്ട്)



**പി.വി. ആന്റണി**
(കൺവീനർ, നേർച്ച)



**സോജി വർഗ്ഗീസ്**
(കൺവീനർ, അരങ്ങ് പന്തൽ)



**ജോസഫ് എൻ.കെ.**
(കൺവീനർ, വർണ്ണമഴ)



**ടി.എൽ. ഡേവീസ്**
കൺവീനർ അമ്പ് & കുട



**പ്രവീൺ പോൾ**
കൺവീനർ, വളണ്ടിയർ



**പോൾസൻ പി.ആർ.**
കൺവീനർ, പബ്ലിസിറ്റി



**പോൾ പി.ജെ.**
കൺവീനർ - റിസപ്ഷൻ



**എൻ.വി. ബിനോയ്**
ദേവാലയശുശ്രൂഷി



# വി. കാർലോ അക്യൂട്ടിസ്

വി. കാർലോ അക്യൂട്ടിസ് മെയ് 3, 1991ന് ലണ്ടനിലാണ് ജനിച്ചത്. ആന്ദ്രേ അക്യൂട്ടിസ്, അന്റോണിയ ദമ്പതികളുടെ ഏക മകനായിരുന്നു. മിലാനിൽ ആണ് അദ്ദേഹം വളർന്നത്. ഇടവക ജീവിതത്തിൽ സജീവമായിരുന്ന കാർലോ ഒരു മത ബോധന അധ്യാപകനായി സേവനമനുഷ്ഠിക്കുകയും നിരവധി ആളുകളെ കത്തോലിക്ക മതത്തിലേക്ക് പരിവർത്തനം ചെയ്യാൻ പ്രചോദിപ്പിക്കുകയും ചെയ്തു. ദിവ്യകാരുണ്യ അത്ഭുതങ്ങളും മരിയൻ പ്രത്യക്ഷീകരണങ്ങളും രേഖപ്പെടുത്തുന്ന ഒരു വെബ്സൈറ്റ് സൃഷ്ടിച്ചു.

രക്താർബുദം ബാധിച്ച് പതിനഞ്ചാമത്തെ വയസ്സിൽ ഒക്ടോബർ 12, 2006ന് ദൈവസന്നിധിയിലേക്ക് യാത്രയായി. ദിവ്യ കാരുണ്യ അത്ഭുതങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രദർശനങ്ങൾ ലോകമെമ്പാടും സഞ്ചരിച്ചു.

2013ൽ ബ്രസീലിൽ നടന്ന ഒരു അത്ഭുതം അദ്ദേഹത്തിന്റെ മധ്യസ്ഥതയാൽ സംഭവിച്ചതായി കത്തോലിക്കസഭ അംഗീകരിച്ചതിനെ തുടർന്ന് വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. ഇറ്റലിയിൽ 2024ൽ രണ്ടാമത്തെ അത്ഭുതം കൂടി നടന്നതിനെ തുടർന്ന് സെപ്തംബർ 7, 2025ന് പിയർ ജോർജിയോ ഫ്രാസാറ്റിയോടൊപ്പം അക്യൂട്ടിസിനെയും വിശുദ്ധനായി പ്രഖ്യാപിച്ചു.

ഇന്റർനെറ്റിന്റെ രക്ഷാധികാരി, ദൈവത്തിൽ സമാധാനം ചെലുത്തുന്നയാൾ, ആദ്യത്തെ സഹസ്രാബ്ദ വിശുദ്ധൻ എന്നിങ്ങനെ വി. കാർലോ അക്യൂട്ടിസിനെ വിശേഷിപ്പിച്ചിട്ടുണ്ട്.

മേരി ആൻഡ്രൂസ്

പരസ്പരം ഭാരങ്ങൾ വഹിച്ചുകൊണ്ട് ക്രിസ്തുവിന്റെ നിയമം പൂർത്തിയാക്കുവിൻ. (ഗലാ 6:2)

# ഒരു കല്ലേറുദൂരം ഈശോയുടെ കൂടെ

ഈ ആധുനിക ലോകത്തിൽ മനുഷ്യന് ദൈവത്തിന്റെ സ്വരം ശ്രവിക്കുവാൻ സമയമില്ല. അവൻ ഇന്ന് കേൾക്കുന്നത് അവന്റെ തന്നെ ബഹുമുഖ പ്രശ്നങ്ങളാൽ സങ്കീർണമായി തീർന്ന മനസ്സിന്റെ ആകുലരോദനത്തിന്റെ പ്രതിധ്വനി മാത്രമാണ്, കാരണം നിശബ്ദതയുടെ സംഗീതമായി വരുന്ന ദൈവത്തിന്റെ സ്വരമാധുര്യവും ഇമ്പവും ശബ്ദമുഖരിത മനസ്സിന്റെ കാതുകൾ അറിയുന്നില്ല. ദൈവസ്നേഹവും ദൈവസ്നേഹാനുഭവും എവിടെയുണ്ടോ അവിടെയാണ് ദൈവത്തിന്റെ സ്വരം കേൾക്കുന്ന കാതുകളുള്ളത് അവിടെയാണ് ദൈവ ചൈതന്യം കാണുന്ന കണ്ണുകളുള്ളത്.

ഓടിത്തളർന്നു വന്നവന് ഇത്തിരി തണൽ വേണം, ദാഹിച്ചുവന്നവന് ഒരു കുമ്പിൾ വെള്ളം വേണം. മനസ്സ് തളർന്നിരിക്കുമ്പോൾ ഒരുപാട്ട് കേട്ടാൽ വീണ്ടും പഴയ ഉന്മേഷം തിരികെ വരുമെന്നുള്ള സാധാരണപോലെയുള്ള ചില ഉദാഹരണങ്ങളെ ചിന്തയിലേക്ക് കൊണ്ടുവരാം. നോമ്പുകാലത്തിനും അത്തരത്തിലുള്ള ഒരു സാധാരണമാനം കൂടിയുണ്ട്, ആത്മീയതയുടെ തഴക്കം വന്ന ശീലങ്ങൾക്കുമപ്പുറം ശരീരവും മനസ്സും ആത്മാവും ഒന്നുപോലെ ഫ്രഷാകാനുള്ള വേളയാണ് ഓരോ നോമ്പുകാലവും. ഏറെ പ്രവർത്തിച്ചതിനുശേഷം ചില മെഷീനുകൾ താല്ക്കാലികമായി ഓഫാക്കി ഇടുന്നതുപോലെയുമാണ് അത്. എത്രയോ ഓടിയവരാണ് ഇതിനകം നമ്മൾ, ഈ ഓട്ടത്തിനിടയിൽ നാം എങ്ങനെയെല്ലാമാണ് നമ്മുടെ ശരീരത്തെ സന്തോഷിപ്പിച്ചത്, നാവിന്റെ രുചിമുകുളങ്ങൾകൊണ്ട്, കണ്ണിന്റെ നൈമിഷികമായ സന്തോഷങ്ങൾ കൊണ്ട്, ത്വക്കിന്റെ സ്പർശനം കൊണ്ട്, കാതിന്റെ കേൾക്കാനുള്ള ആർത്തികൊണ്ട്, ഇനി തല്ക്കാലം അവയോടെല്ലാം 'നോ' എന്നു പറയാം.

എല്ലാ മതങ്ങളിലും വിശ്വാസങ്ങളിലും നോമ്പും അനുഷ്ഠാനങ്ങളും ഉപവാസങ്ങളും ആഴത്തിൽ വേരോടിയിട്ടുള്ള ഒരു പാരമ്പര്യം ഉണ്ട്. ചില ഭക്ഷണ സാധനങ്ങൾ വേണ്ടെന്ന് വയ്ക്കുന്നതുമാത്രമാണ് നോമ്പ് എന്നാണ് മിക്കവരുടെയും ധാരണ. വളരെയെളുപ്പത്തിൽ ചെയ്തുതീർക്കാവുന്നതേയുള്ളൂ അത്. അതിനപ്പുറം നമുക്ക് എന്തു ചെയ്യാൻ കഴിയുന്നു എന്നതാണ് പ്രധാനം. അതാണ് നോമ്പിനെ അർത്ഥവത്താക്കുന്നത്. അടുത്തു നില്ക്കുന്ന മനുഷ്യനെ കൂടുതലായി സ്നേഹിക്കുന്നതിന് ഒരു തുടക്കം കുറിക്കാൻ

എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് സാധിക്കും.
(ഫിലിപ്പി 4:13)

ഈ നോമ്പുകാലം നീ പ്രയോജനപ്പെടുത്തുമോ. ആ മനുഷ്യൻ നിന്റെ ജീവിതത്തിൽ പങ്കാളിയോ മക്കളോ വൃദ്ധമാതാപിതാക്കളോ സഹപ്രവർത്തകരോ അയൽവാസിയോ സഹായഹസ്തം നീട്ടുന്ന അപരിചിതരോ ആരുമാകാം... ദൈവത്തോടുകൂടി ഇത്തിരി നാളുകൾ. ദൈവസ്മരണയിൽ കൂട്ടുകൂടാൻ ഏതാനും നാളുകൾ. മനസ്സിനെ നിയന്ത്രിക്കാൻ... ഇന്ദ്രിയങ്ങളെ ഹനിക്കാൻ... നിസ്വാർത്ഥതയുടെ ഉള്ളുടുപ്പുകൾ അണിയാൻ... മനുഷ്യന് ആത്മനിയന്ത്രണം സാധ്യമാണെന്ന തിരിച്ചറിവുകൾ കൊണ്ട് നിറയാൻ....

ഓരോ നോമ്പുകാലവും അത് ആവശ്യപ്പെടുന്ന ഉപവാസവും അർഹിക്കുന്ന ഫലവും നേടിയെടുക്കുന്നത് അതിനെ നാം എന്തുമാത്രം ഗൗരവത്തോടെ കണ്ടുവെന്നും അല്ലെങ്കിൽ നാം അതിന് വേണ്ടി എന്തു വില കൊടുത്തുവെന്നും അടിസ്ഥാമാക്കിയാണ്. എത്രയോ വർഷമായി ഞാൻ കുരിശിൽ കിടക്കുന്നു. എന്നിട്ടും ഞാനെന്തേ ക്രിസ്തുവായില്ല എന്ന് സങ്കടപ്പെട്ടത് കുഞ്ഞുണ്ണിമാഷാണ്. അതേ ചോദ്യം നാം മറ്റൊരുതരത്തിൽ നമ്മോട് തന്നെ ചോദിക്കണം. എത്രയോ വർഷമായി ഞാൻ നോമ്പെടുക്കുന്നു. ഉപവാസം അനുഷ്ഠിക്കുന്നു. എന്നിട്ടുമെന്തേ യഥാർത്ഥ ജീവിതത്തിൽ കുരിശിന്റെ വഴിയിലൂടെ നടക്കേണ്ടിവരുമ്പോൾ ഞാൻ തളർന്നു പോകുന്നു.

''പിതാവേ അങ്ങേക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകറ്റണമേ, എങ്കിലും എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ! (ലൂക്കാ 22/42) ഇവിടെ കാണുന്നത് ദൈവഹിതത്തിന് മുമ്പിലുള്ള ക്രിസ്തുവിന്റെ നിരുപാധികമായ കീഴടങ്ങൽ. ദൈവത്തോട് ചില ഇഷ്ടങ്ങളെക്കുറിച്ച് പറയാനും ചില ഇഷ്ടങ്ങളുടെ പേരിൽ വാശിപിടിക്കാനുമൊക്കെ നമുക്ക് സ്വാതന്ത്ര്യം ഉണ്ട്. പക്ഷേ അവയ്ക്ക് ഒടുവിൽ, എങ്കിലും എന്ന് പറഞ്ഞ് കീഴടങ്ങാനുള്ള മനസ്സ് കൂടെ വേണം നമുക്ക്. എപ്പോഴും എവിടെയും ജയിക്കുന്നത് ദൈവഹിതമായിരിക്കണം. ദൈവഹിതത്തിന് ചേർന്നതു പോലെ ജീവിക്കാനും പ്രവർത്തിക്കാനും സാധിച്ചാൽ അതിൽപ്പരം സന്തോഷമെന്തുണ്ട് എന്റെ ജീവിതത്തിൽ?

**സിസ്റ്റർ കാതറീൻ**

---

**ഞങ്ങൾ വരവായ്**

നെടുംപറമ്പിൽ ഷിജോ ലിൻസി മകൾ ഇതൽ മരിയ ഷിജോ

**ഞങ്ങൾ യാത്രയായി**

നെടുംപറമ്പിൽ വാറു മകൻ തോമാസ്




# നിർമ്മിത ബുദ്ധി:
## ഗുണങ്ങളും ദോഷങ്ങളും – ഒരു വിശകലനം

നിർമ്മിത ബുദ്ധി അഥവാ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഇന്ന് നമ്മുടെ ലോകത്തെ മാറ്റിമറിച്ചുകൊണ്ടിരിക്കുന്ന ഒരു സാങ്കേതിക വിദ്യയാണ്. ശാസ്ത്ര സാങ്കേതിക രംഗത്തും നമ്മുടെ ദൈനംദിന ജീവിതത്തിലും ഇത് വലിയ സ്വാധീനം ചെലുത്തുന്നു. എങ്കിലും, ഏതൊരു സാങ്കേതികവിദ്യയേയും പോലെ, എ.ഐക്കും അതിന്റേതായ ഗുണങ്ങളും, ദോഷങ്ങളും ഉണ്ട്.

**നിർമ്മിത ബുദ്ധിയുടെ ഗുണങ്ങൾ**

നിർമ്മിത ബുദ്ധി മനുഷ്യന്റെ കഴിവുകൾക്ക് പുതിയ മാനങ്ങൾ നൽകുകയും നിരവധി മേഖലകളിൽ വിപ്ലവം സൃഷ്ടിക്കുകയും ചെയ്യുന്നു.

**കാര്യക്ഷമതയും വേഗതയും**

മനുഷ്യന് ചെയ്യാൻ ബുദ്ധിമുട്ടുള്ളതോ, കൂടുതൽ സമയമെടുക്കുന്നതോ ആയ സങ്കീർണ്ണമായ ജോലികൾ എ.ഐക്ക് വളരെ വേഗത്തിലും കൃത്യതയിലും പൂർത്തിയാക്കാൻ കഴിയും. ഡാറ്റാ വിശകലനം, കണക്കുകൂട്ടലുകൾ എന്നിവ ഇതിനുദാഹരണമാണ്.

**കൃത്യതയും പിഴവില്ലായ്മയും**

മനുഷ്യസഹജമായ പിഴവുകൾ എ.ഐയുടെ പ്രവർത്തനങ്ങളിൽ കുറവാണ്. ഇത് ശാസ്ത്രീയ ഗവേഷണം, സാമ്പത്തിക ഇടപാടുകൾ, ആരോഗ്യ സംരക്ഷണം തുടങ്ങിയ നിർണ്ണായക മേഖലകളിൽ വളരെയധികം പ്രയോജനകരമാണ്.

**തുടർച്ചയായ ലഭ്യത**

യന്ത്രങ്ങൾക്ക് ക്ഷീണമോ ഇടവേളകളോ ആവശ്യമില്ല. 24 മണിക്കൂറും തടസ്സമില്ലാതെ പ്രവർത്തിക്കാൻ എ.ഐ സംവിധാനങ്ങൾക്ക് സാധിക്കും.

**നവീകരണവും പുതിയ സാധ്യതകളും**

ആരോഗ്യരംഗം (രോഗനിർണയം, മരുന്ന് കണ്ടുപിടിത്തം), ഗതാഗതം (സ്വയം ഭരണ വാഹനങ്ങൾ), വിദ്യാഭ്യാസം തുടങ്ങി പല മേഖലകളിലും എ.ഐ പുതിയ കണ്ടെത്തലുകൾക്കും പരിഹാരങ്ങൾക്കും വഴി തുറക്കുന്നു

**ആവർത്തന ജോലികളിൽ നിന്ന് മോചനം**

വിരസവും ആവർത്തനപരവുമായ ജോലികൾ എ.ഐ ഏറ്റെടുക്കുമ്പോൾ, മനുഷ്യന് കൂടുതൽ ക്രിയാത്മകവും തന്ത്രപരവുമായ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കുന്നു.

**നിർമ്മിത ബുദ്ധിയുടെ ദോഷങ്ങൾ**

എ.ഐയുടെ വളർച്ച ഒരേ സമയം പുതിയ വെല്ലുവിളികളും ആശങ്കകളും ഉയർത്തുന്നുണ്ട്.

തൊഴിൽ നഷ്ടം : ഓട്ടോമേഷനും എ.ഐയുടെ വർദ്ധിച്ച ഉപയോഗവും കാരണം പല മേഖലകളിലെയും ജോലികൾ ഇല്ലാതാകാൻ സാധ്യതയുണ്ട്. പ്രത്യേകിച്ചും ആവർത്തന സ്വഭാവമുള്ള ജോലികൾ.

അമിതമായ ചിലവ് : എ.ഐ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനും

കർത്താവേ അങ്ങയിൽ ഞാൻ അഭയം തേടുന്നു.
ലജ്ജിക്കാൻ എനിക്കിടവരുത്തരുതേ. (സങ്കീർത്തനം 31:1)

സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും വലിയ സാമ്പത്തിക ചെലവ് ആവശ്യമാണ്.

**ധാർമ്മിക പ്രശ്നങ്ങളും പക്ഷപാതവും**

എ.ഐ പഠിക്കുന്നത് നിലവിലുള്ള ഡാറ്റയിൽ നിന്നാണ്. ഈ ഡാറ്റയിൽ പക്ഷപാതം ഉണ്ടെങ്കിൽ, എ.ഐയുടെ തീരുമാനങ്ങളിലും അത് പ്രതിഫലിക്കും, ഇത് സാമൂഹിക നീതിയെ ബാധിച്ചേക്കാം.

**സ്വകാര്യതയും സുരക്ഷാ ഭീഷണികളും**

എ.ഐ ധാരാളം ഡാറ്റ ഉപയോഗിക്കുകയും ശേഖരിക്കുകയും ചെയ്യുന്നതിനാൽ, ഡാറ്റാ സ്വകാര്യതയും സൈബർ സുരക്ഷാ പ്രശ്നങ്ങളും വർദ്ധിക്കാൻ സാധ്യതയുണ്ട്.

**വൈകാരിക ബുദ്ധിയുടെ അഭാവം**

മനുഷ്യന്റെ വൈകാരിക ബുദ്ധിയോ, സർഗ്ഗാത്മക ചിന്താ ശേഷിയോ, സഹാനുഭൂതിയോ എ.ഐക്ക് ഇല്ല. മനുഷ്യന്റെ ഇടപെടൽ ആവശ്യമുള്ള ജോലികളിൽ ഇത് ഒരു പരിമിതിയാണ്.

**നിയന്ത്രണത്തിലുള്ള ആശങ്ക**

ഭാവിയിൽ അതിവേഗം വളരുന്ന എ.ഐയെ മനുഷ്യന് നിയന്ത്രിക്കാൻ കഴിയുമോ എന്നതിനെക്കുറിച്ച് ചില വിദഗ്ധർക്കിടയിൽ ആശങ്കയുണ്ട്.

**ഭാവിയിലേക്കൊരു നോട്ടം**

നിർമ്മിത ബുദ്ധിക്ക് മനുഷ്യരാശിയുടെ പുരോഗതിയിൽ നിർണ്ണായക പങ്ക് വഹിക്കാനുണ്ട്. എ.ഐയുടെ ഗുണങ്ങൾ പരമാവധി പ്രയോജനപ്പെടുത്താനും, അതേ സമയം ദോഷകരമായ പ്രത്യാഘാതങ്ങൾ കുറയ്ക്കാനും വേണ്ടിയുള്ള നിയമനിർമ്മാണങ്ങളും, ധാർമ്മികമായ മാർഗ്ഗനിർദ്ദേശങ്ങളും അനിവാര്യമാണ്. എ.ഐ യെ ഒരു പകരക്കാരനായി കാണുന്നതിനു പകരം, നമ്മുടെ കഴിവുകൾക്ക് ശക്തി പകരുന്ന ഒരു സഹായിയായികാണാൻ ശ്രമിക്കുന്നതിലൂടെ നമുക്ക് ഈ സാങ്കേതിക വിദ്യയുടെ നല്ല വശങ്ങളെ സ്വീകരിക്കാൻ സാധിക്കും.

**ജോവിൻ ജോൺസൻ**

2025 വർഷത്തിൽ ആത്മസാതം പാരീഷ് ബുള്ളറ്റിനോട് സഹകരിച്ച എല്ലാ ഇടവക വിശ്വാസികൾക്കും സ്ഥാപനങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. തുടർന്നും നിങ്ങളുടെ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ക്രിസ്തുമസ്സിന്റേയും പുതുവർഷത്തിന്റേയും തിരുനാളിന്റേയും നന്മകൾ നേർന്നുകൊള്ളുന്നു.

**ആത്മസാതം എഡിറ്റോറിയൽ ബോർഡ്**

നാം പരസ്പരം സ്നേഹിക്കുന്നെങ്കിൽ ദൈവം നമ്മിൽ വസിക്കും.
1 യോഹ 4 :12

# മതബോധന വാർത്തകൾ

1. ഒക്ടോബർ 5,12 തീയതികളിൽ അർദ്ധ വാർഷിക പരീക്ഷ പൂർത്തിയായി.
2. രൂപത തലത്തിൽ നടന്ന കൈയെഴുത്തു മാസിക മത്സരത്തിൽ നമ്മുടെ യൂണിറ്റിലെ പത്തു കുട്ടികൾ പങ്കെടുത്തു. പങ്കെടുത്തവർക്കും അവരെ പരിശീലിപ്പിച്ച അധ്യാപകർക്കും നന്ദി. കൈയെഴുത്തുമാസികയ്ക്ക് രൂപത തലത്തിൽ എ ഗ്രേഡ് ലഭിച്ചു.
3. ലോഗോസ് മൂല്യ നിർണയ ക്യാമ്പിൽ നമ്മുടെ നാല് അധ്യാപകർ പങ്കെടുത്തു അവർക്ക് നന്ദി.
4. ഒക്ടോബർ മാസം പരിശുദ്ധ അമ്മയുടെ ജപമാല മാസത്തിൽ ഫെയ്ത്ത് ലാബിലെ രണ്ട് ഗ്രൂപ്പുകൾ പാഴ്വസ്തുക്കൾ കൊണ്ട് ജപമാല ഉണ്ടാക്കി.
5. ഒക്ടോബർ 19ന് നമ്മുടെ മതബോധന യൂണിറ്റ് സന്ദർശിക്കുവാൻ രൂപത അനിമേറ്റർ റവ. സിസ്റ്റർ പ്രസൂന വരികയുണ്ടായി. നമ്മുടെ മതബോധന പ്രവർത്തനങ്ങളെ സിസ്റ്റർ വളരെ നല്ല രീതിയിൽ അഭിനന്ദിക്കുകയുണ്ടായി.
6. ആഘോഷമായ പത്ത് ദിവസ ജപമാലയിൽ ഒക്ടോബർ 19ന് മതബോധന വിഭാഗം ജപമാലയ്ക്ക് നേതൃത്വം നൽകി.
7. ഊട്ടു തിരുന്നാൾ ദിനത്തിലെ മതബോധന ഹാൾ അറേഞ്ച്മെന്റ് മതബോധന കുട്ടികളാണ് നടത്തിയത്. തിരുനാൾ ദിനം ഭക്ഷണം വിളമ്പുന്നതിനും കുട്ടികൾ സഹായിച്ചു.
8. നവംബർ 2 സകല മരിച്ചവരുടെയും ഓർമ്മ ദിനത്തോടനുബന്ധിച്ച് മതബോധന കുട്ടികൾ സി.എൽ.സി. യുടെ നേതൃത്വത്തിൽ സെമിത്തേരി വൃത്തിയാക്കുകയും കഴിഞ്ഞ ഒരു വർഷത്തിൽ മരിച്ചവരുടെ സ്മരണ നിലനിർത്തി ഫ്ളക്സ് ബോർഡ് സ്ഥാപിക്കുകയും ചെയ്തു.
9. നവംബർ 9ന് വിശുദ്ധ ചാൾസ് ബറോമിയയുടെ തിരുനാൾ ദിനം മതാദ്ധ്യാപക ദിനമായി ആഘോഷിച്ചു. ദിവ്യബലിയിൽ അധ്യാപകർ കാഴ്ച സമർപ്പണം നടത്തി. അധ്യാപകർക്ക് പിടിഎയുടെ നേതൃത്വത്തിൽ ഉപഹാരം നൽകി. കുട്ടികൾ ആശംസകൾ നേരുകയും പൂക്കൾ സമ്മാനിക്കുകയും ചെയ്തു.
10. മതബോധന വിഭാഗത്തിന്റെയും എസ്എംസി കോൺവെന്റിന്റെയും നേതൃത്വത്തിൽ നവംബർ 9ന് 7 മണിക്ക് നാടകം ' ഫ്രാൻസിസ് മാഷിന്റെ വീട് ' അവതരിപ്പിച്ചു. നാടകം അണിയിച്ചൊരുക്കിയവർക്കും, അഭിനേതാക്കൾക്കും, ക്രമീകരണങ്ങൾ നടത്തിയവർക്കും ഒത്തിരി നന്ദി.
11. മതബോധന വിഭാഗത്തിന്റെ നേതൃത്വത്തിൽ ഒക്ടോബർ 9ന് നാടകത്തിന് ശേഷം ഫുഡ് ഫെസ്റ്റ് നടത്തി. സഹകരിച്ച പിടിഎ, അധ്യാപകർ, കുട്ടികൾ, ഇടവകജനം എന്നിവർക്കും നന്ദി.
12. ഫെയ്ത്ത് ലാബ് പരിപാടിയുടെ ഭാഗമായി നവംബർ 16ന് കട്ടൗട്ടിൽ മാതാവിന്റെ വിവിധ വർണ ചിത്രങ്ങൾ ഒട്ടിച്ച് മനോഹരമാക്കി.
13. നവംബർ 23ന് ക്രിസ്തുരാജന്റെ തിരുനാളിനോടനുബന്ധിച്ച് റാലി നടത്തി.
14. നവംബർ 23ന് ഇരിങ്ങാലക്കുട ഫൊറോന തലത്തിലെ പന്ത്രണ്ടാം ക്ലാസ് കുട്ടികളുടെ സംഗമത്തിൽ നമ്മുടെ പന്ത്രണ്ടാം ക്ലാസ് കുട്ടികൾ പങ്കുചേർന്നു.
15. നവംബർ 30ന് ഇടവക റൂബി ജൂബിലിയോടനുബന്ധിച്ച് 40 വർഷക്കാലം മതബോധന യൂണിറ്റിൽ അധ്യാപകരായിരുന്നവരുടെ സംഗമം നടക്കുകയുണ്ടായി. ഉച്ചയ്ക്ക് 3.30ന് ആരംഭിച്ച പരിപാടിയിൽ ആരാധന, മീറ്റിംഗ്, സ്നേഹവിരുന്ന്,മെമന്റോ നൽകി ആദരിക്കൽ ഉണ്ടായിരുന്നു. വികാരി റവ.ഫാ. അനൂപ് കോലംകണ്ണി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത മതബോധന ഡയറക്ടർ റവ.ഫാ. റിജോയ് പഴയാറ്റിൽ ഉദ്ഘാടനം ചെയ്തു.
16. ഡിസംബർ 7ന് നടന്ന മാർത്തോമ തീർത്ഥാടനത്തിൽ മതബോധനയൂണിറ്റിലെ 12-ാം ക്ലാസ്സ് അധ്യാപികയും കുട്ടികളും, മറ്റുരണ്ട് അധ്യാപകരും പങ്കെടുത്തു.
17. ഡിസംബർ 21ന് മതബോധന യൂണിറ്റിൽ ക്രിസ്തുമസ്സ് സമ്മാനങ്ങൾ കൈമാറി. കുട്ടികൾ നാനോ പുൽക്കൂടും, നക്ഷത്രങ്ങളും നിർമ്മിച്ചുകൊണ്ടുവന്നിരുന്നു.

**വിൻസൻ പി. ആർ** (ഹെഡ്മാസ്റ്റർ)

എന്റെ അടുക്കൽ വരുന്നവരെ ഞാൻ ഒരിക്കലും തള്ളിക്കളയുകയില്ല (യോഹ 6: 37)



# വി. സെബസ്ത്യാനോസ്

ജനുവരി 20 വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ സാർവ്വത്രിക സഭ ആഘോഷിക്കുന്ന ദിനമാണ്. കേരളത്തിൽ ഇത്രമാത്രം പ്രചാരം ലഭിക്കാൻ ഇടയായത് എങ്ങനെയെന്നറിയാൻ ഇതിന്റെ പിന്നിലുള്ള ചരിത്രത്തിലേയ്ക്ക് ഒന്ന് എത്തി നോക്കാം. ക്രൈസ്തവ വിശ്വാസികളുടെയിടയിൽ ആഴത്തിൽ സ്വാധീനം ചെലുത്തിയ ഒരാളാണ് വി. സെബസ്ത്യാനോസ്. വിശുദ്ധനെക്കുറിച്ചുള്ള ഏറ്റവും പഴക്കമുള്ള സഭാ പരമായ പരാമർശം നാലാം നൂറ്റാണ്ടിലെ സഭാ കലണ്ടറിൽ ആണ് കാണുക. ക്രിസ്തുവർഷം 225 – ൽ ഫ്രാൻസിൽ നർബോൺ എന്ന പട്ടണത്തിലാണ് അദ്ദേഹം ജനിച്ചത്. ബാല്യകാല വിദ്യാഭ്യാസത്തിനുശേഷം പ്രഭു കുടുംബങ്ങളുടെ പാരമ്പര്യമനുസരിച്ച് റോമൻ സൈനിക വിദ്യാലയത്തിലാണ് തുടർപഠനം നടത്തിയത്. ഏറെ താമസിയാതെ സെബാസ്റ്റ്യൻ ഒരു ധീരയോദ്ധാവായി തീർന്നു. ഡയോക്ലിഷൻ റോമൻ ചക്രവർത്തിയായിരുന്ന കാലത്ത് സെബസ്ത്യാനോസിന്റെ യുദ്ധ നൈപുണ്യത്തിൽ ആകൃഷ്ടനായി അംഗരക്ഷകസേനയുടെ സൈന്യാധിപനായി നിയമിച്ചു. ഒരു നല്ല ക്രിസ്ത്യാനിയായി വളർന്ന സെബാസ്ത്യാനോസ് ഏതെങ്കിലും തരത്തിൽ കഷ്ടപ്പെടുന്നവരെ സദാസഹായിക്കാൻ സന്നദ്ധനായിരുന്നു. ഒരു ക്രിസ്ത്യാനി ആണെന്നതിന്റെ പേരിൽ തടവിൽ കഴിഞ്ഞിരുന്നവരോട് പ്രത്യേകമായ താൽപര്യം കാണിച്ചിരുന്നു. രഹസ്യമായി അവർക്ക് സഹായം എത്തിച്ചിരുന്നു. സെബാസ്റ്റ്യൻ ഒരു ക്രിസ്ത്യാനിയാണെന്നും പട്ടാളക്കാരുടെയിടയിലും ജയിലിലും കഴിഞ്ഞിരുന്നവരോട് ക്രിസ്തുമതം പ്രചരിപ്പിക്കുകയും ക്രിസ്തുനാമത്തിൽ അത്ഭുതം പ്രവർത്തിക്കുകയും ചെയ്യുന്നുവെന്ന് അറിഞ്ഞ ചക്രവർത്തി സെബാസ്റ്റ്യനോട് ക്രിസ്തുമതം ഉപേക്ഷിച്ചു തന്റെ ദേവന്മാരെ ആരാധിക്കണമെന്നു ആവശ്യപ്പെട്ടു. എന്നാൽ അദ്ദേഹം ചക്രവർത്തിയെ ക്രിസ്തുമതം സ്വീകരിക്കാൻ ഉപദേശിക്കുകയാണ് ചെയ്തത്. ക്രിസ്തുമതം ഉപേക്ഷിച്ചാൽ തന്റെ രാജ്യത്തിലെ ഒരു പ്രവിശ്യയുടെ അധികാരിയാക്കാമെന്നും അല്ലാത്തപക്ഷം കഠിനമായ ശിക്ഷ അനുഭവിക്കേണ്ടി വരുമെന്നും ചക്രവർത്തി വ്യക്തമാക്കി.

ക്രിസ്തുമതം ഉപേക്ഷിച്ച് അന്ധവിശ്വാസിയായ ചക്രവർത്തിയുടെ ബഹുമതി നേടുന്നതിനേക്കാൾ ക്രിസ്ത്യാനിയായി മരിക്കുന്നതാണ് തനിക്ക് അഭിമാനമെന്ന് സെബസ്ത്യാനോസ് ചക്രവർത്തിയെ അറിയിച്ചു. കോപിഷ്ഠനായ ചക്രവർത്തി സെബസ്ത്യാനോസിന്റെ കൈകാലുകൾ ബന്ധിച്ച് മരത്തിൽ കെട്ടി ചാട്ടകൊണ്ട് അടിക്കുവാനും എന്നിട്ട് അനുസരിക്കുന്നില്ലെങ്കിൽ കൊല്ലാനും ഉത്തരവിട്ടു. പട്ടാളക്കാർ അങ്ങനെ തന്നെ ചെയ്തു. അവർ രക്തം വാർന്ന് മരിക്കുമെന്ന് വിചാരിച്ച് തിരിച്ചുപോയി. എന്നാൽ ഐറിൻ എന്ന ഒരു സ്ത്രീ അദ്ദേഹത്തെ കാണുകയും ശുശ്രൂഷിച്ച് മരണത്തിൽ നിന്ന് അദ്ദേഹത്തെ രക്ഷപ്പെടുത്തുകയും ചെയ്തു. അമ്പിന്റെ പ്രഹരത്താൽ രക്തം വാർന്ന് പരുന്തിനും കഴുകനും തീറ്റയാകട്ടെ എന്ന് ആഗ്രഹിച്ച ഡയോക്ലീഷ്യൻ ചക്രവർത്തിക്ക് പിന്നീട് അറിയാൻ കഴിഞ്ഞത് മുറിവേറ്റ് പ്രാണവേദനയാൽ പിടയുമ്പോൾ പരുന്തും കഴുകനും കാവലായ് നിന്നിരുന്നു എന്നാണ്. മരണത്തിൽ നിന്ന് രക്ഷപ്പെട്ട സെബാസ്റ്റ്യൻ നേരെ പോയത് ചക്രവർത്തിയുടെ അടുത്തേക്കാണ്. കൊട്ടാരത്തിലെത്തി അദ്ദേഹം ചക്രവർത്തിയോട് അനുതപിക്കണമെന്നും അങ്ങ് എത്രനാൾ ക്രിസ്ത്യാനികൾക്കെതിരെ പീഡനങ്ങൾ നടത്തുമെന്നും ചോദിച്ചു. ഈ റോമാ സാമ്രാ

അവിടുന്ന് സകലവും നന്മക്കായി പരിണമിപ്പിക്കുന്നു. (റോമാ 8:28)

ജ്യത്തിൽ ക്രിസ്ത്യാനികളെക്കാൾ വിശ്വസ്തരായി ഒരു ജനവിഭാഗത്തെ അങ്ങേയ്ക്ക് ലഭിക്കുകയില്ല എന്നറിയിക്കുവാനാണ് ഞാൻ തിരിച്ചു വന്നതെന്നും അറിയിച്ചു. ഈ വാക്കുകൾ കേട്ട് കോപാകുലനായ ചക്രവർത്തി സെബസ്ത്യാനോസിനെ ഗദ കൊണ്ട് അടിച്ചുകൊന്ന് മലിനജലം ഒഴുക്കാനുള്ള തുരങ്കത്തിൽ തള്ളാനും ആജ്ഞാപിച്ചു പട്ടാളക്കാർ അതുപോലെ ചെയ്തു. സ്വപ്നത്തിൽ കിട്ടിയ നിർദ്ദേശം അനുസരിച്ച് ലൂസിന എന്ന സ്ത്രീ റോമിലെ ഒരു പുരാതന ഭൂഗർഭ ശ്മശാനത്തിൽ അടക്കുകയും ചെയ്തു. ധാരാളം ജനങ്ങൾ മാറാരോഗങ്ങളിൽ നിന്ന് വിമുക്തി നേടുന്നതിനായി കബറിടത്തിങ്കൽ പ്രാർത്ഥിക്കാൻ പോകുമായിരുന്നു.

ക്രിസ്തുവർഷം 650 ൽ റോമിൽ പടർന്നുപിടിച്ച പ്ലേഗ് ബാധയിൽ നിന്ന് വിശുദ്ധന്റെ മധ്യസ്ഥം വഴി റോമാ പട്ടണം രക്ഷപ്പെട്ടതോടെ അദ്ദേഹം ജനങ്ങൾക്ക് ഏറെ പ്രിയങ്കരനായി തീർന്നു. ഇതിന്റെ നന്ദി സൂചകമായി അവർ ഒരു നേർച്ച നേർന്നു. വിശുദ്ധന്റെ രൂപം കപ്പൽ വഴി ലോകം മുഴുവൻ കൊണ്ടുപോകുന്നതിനായിരുന്നു അത്. അങ്ങനെ അവർ വിശുദ്ധന്റെ രൂപവും വഹിച്ചു പോകുന്ന സമയം അറബിക്കടലിൽ എത്തിയപ്പോൾ യാത്ര മുന്നോട്ടു പോകാൻ സാധിക്കാത്ത വിധം ശക്തമായ കൊടുങ്കാറ്റ് ഉണ്ടായി. കപ്പൽ ആടിയുലയുന്നതു കണ്ട അവർ ഭയന്നു വിറച്ചു. അതേസമയം തന്നെ കപ്പിത്താന് ഒരു ദർശനം ലഭിച്ചു. അർത്തുങ്കൽ എന്ന സ്ഥലത്ത് ഒരു പള്ളിയുണ്ടെന്നും വിശുദ്ധന്റെ രൂപം അവിടെ കൊണ്ടുപോയി സ്ഥാപിക്കണമെന്നും. എന്നാൽ ആ പള്ളിയിലെ വികാരിയച്ചനും ഒരു ദർശനം ഉണ്ടായതനുസരിച്ച് വിശ്വാസികളെയും കൂട്ടി കപ്പലിന് അടുത്തേക്ക് പോയി വിശുദ്ധന്റെ രൂപവും ഏറ്റുവാങ്ങി. താൽക്കാലികമായി ഒരു കുരിശടി പണിത് അവിടെ സ്ഥാപിച്ചു. കാലങ്ങൾക്ക് ശേഷം പള്ളി പുതുക്കി പണിത് രൂപം അവിടേക്ക് മാറ്റി. അക്കാലത്ത് അവിടെ ഉള്ളവരിലെല്ലാം കോളറയും വസൂരിയും പടർന്ന് പിടിച്ചപ്പോൾ ജനങ്ങൾ വിശുദ്ധനോട് പ്രാർത്ഥിക്കാൻ തുടങ്ങി. നിരവധി അനവധി അത്ഭുതങ്ങളും പ്രത്യേകിച്ച് രോഗ വിമുക്തിയും സംഭവിച്ചതിനെ തുടർന്ന് അർത്തുങ്കൽ പ്രശസ്തിയാർജിച്ചു. ഇന്ന് കേരള മക്കൾ ലോകത്തിലെ ഏത് ഭാഗത്തായിരുന്നാലും ഈ വിശുദ്ധന്റെ മാധ്യസ്ഥം യാചിക്കാത്തവരില്ല. വി. സെബസ്ത്യാനോസ് തന്റെ ജീവൻ വിലയായി കൊടുത്തതിന്റെ ഓർമ്മയാണ് നാം ആഘോഷിക്കുന്നത്. എന്നാൽ ആ ജീവിതത്തിൽ നിന്ന് എന്തെങ്കിലുമൊക്കെ നാം സ്വന്തമാക്കുന്നുണ്ടോ? യേശുവിനെ പ്രതിപീഡനമേൽക്കാൻ ഏറ്റെടുത്ത അമ്പിനെ നാം വണങ്ങുന്നു, ബഹുമാനിക്കുന്നു. ക്രൈസ്തവ വിശ്വാസത്തെ ഏറ്റുപറയാൻ തന്റേടം കാണിക്കുന്നവർക്ക് സഹനം ഉണ്ടാകും. നമുക്ക് ചിന്തിക്കാം ഈ തിരുനാൾ എന്നെ ഈശോയിലേക്ക് അടുപ്പിക്കുന്നുവോ അതോ അകറ്റുന്നുവോ. നമ്മുടെ തിരുനാൾ ആഘോഷങ്ങൾ ഇടവകയുടെ /വീടിന്റെ / വ്യക്തിജീവിതത്തിന്റെ മഹത്വം കാണിക്കുവാൻ ആണോ? ക്രിസ്തുവിനെ പ്രതിത്യാഗം ചെയ്യേണ്ട അവസരങ്ങൾ എന്റെ കുടുംബത്തിൽ ഇടവകയിൽ ലഭിക്കുമ്പോൾ ഞാനെങ്ങനെയാണ് പ്രതികരിക്കുന്നത്? വിശുദ്ധനോട് പഞ്ഞം പടവസന്തയിൽ നിന്ന് രക്ഷിക്കണേ എന്ന് പൂർവികർ മുതൽ പ്രാർത്ഥിക്കുന്ന രീതിയാണ്. എന്താണത്? ദാരിദ്ര്യം, യുദ്ധം, രോഗം ഇവയിൽ നിന്നുള്ള മോചനം അല്ലേ.... വിശുദ്ധ സെബസ്ത്യാനോസ് സഹദായേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ. സഹദായേ എന്ന വാക്കിനർത്ഥം രക്തസാക്ഷി എന്നാണെന്ന് ഓർത്തിരിക്കാം. അമ്പിനാലും ഗദയാലും രക്തസാക്ഷിയായവൻ. കഴുന്ന് എന്ന് അമ്പിന് പകരം ചില നാട്ടിൽ പറയുന്നു. ഈ വാക്ക് കൂടി നാം അറിഞ്ഞിരിക്കുന്നത് നല്ലതാണ്.

സി. ബെനഡിക്റ്റ എസ്.എം.സി.

കർത്താവിന്റെ മഹാദിനം അടുത്തിരിക്കുന്നു (സെഫേ 1:14)

## റൂബി ജൂബിലി പ്രോഗ്രാം

**ജനുവരി**

* ഫോട്ടോ കോണ്ടസ്റ്റ്
* പ്രവാസി സംഗമം
* ആതുര സേവനരംഗത്ത് പ്രവർത്തിക്കുന്നവരോടുള്ള ആദരവ്
* ബ്ലഡ് ഡൊണേഷൻ

**ഫെബ്രുവരി**

* ദമ്പതി സംഗമം
* സെമിനാർ
* ജയിൽ സന്ദർശനം
* അവയവദാന സമ്മതപത്രിക സമർപ്പണം

**മാർച്ച്**

* സമർപ്പിത സംഗമം
* കുടുംബ നവീകരണ ധ്യാനം
* മുൻ കൈക്കാരന്മാരുടെ സംഗമം



**സ്തുത്യർഹ സേവനത്തിനുശേഷം നമ്മുടെ ഇടവകയിൽ നിന്ന് സ്ഥലം മാറി പോകുന്ന പോസ്റ്റുലൻസിന് യാത്രമംഗളങ്ങൾ**

അങ്ങ് വലതുകൈ നീട്ടി ഭൂമി അവരെ വിഴുങ്ങി (പുറപ്പാട് 15:12)

# പാചകം



## ചെമ്മീൻ 65

| | |
|---|---|
| ചെമ്മീൻ | 1 kg |
| വെളിച്ചെണ്ണ | 350 ml |
| ഇഞ്ചി വെളുത്തുള്ളി പേസ്റ്റ് | 1 Table spoon |
| നാരങ്ങാനീര് | 1/2 table spoon |
| കാശ്മീരി മുളകുപൊടി | 2 Table spoon |
| മഞ്ഞൾപൊടി | 1/4 teaspoon |
| കോൺഫ്ളവർ പൊടി | 1 table spoon |
| വറുത്തഅരിപ്പൊടി | 1 table spoon |
| കറിവേപ്പില | **2 തണ്ട്** |
| പച്ചമുളക് | 1 |
| ഉപ്പ് | 3/4 teaspoon |

**തയ്യാറാക്കുന്ന വിധം:–**

കഴുകി വൃത്തിയാക്കിയ ചെമ്മീനിലേക്ക് ഇഞ്ചി വെളുത്തുള്ളി പേസ്റ്റ്, നാരങ്ങാനീര്, കാശ്മീരി മുളകുപൊടി അല്ലെങ്കിൽ സാധാരണ മുളക് പൊടി (1 ½ tablespoon), മഞ്ഞൾപൊടി, കോൺഫ്ളവർ പൊടി, വറുത്ത അരിപ്പൊടി, കറിവേപ്പില (ചെറുതായി അരിഞ്ഞത്), പച്ചമുളക്, ഉപ്പ് എന്നിവ ചേർത്ത് നന്നായി യോജിപ്പിച്ച് അരമണിക്കൂർ വയ്ക്കുക. അതിനുശേഷം ചൂടായ വെളിച്ചെണ്ണയിലേക്ക് തയ്യാറാക്കി വെച്ചിരിക്കുന്ന ചെമ്മീൻ ഓരോന്നായി വറുത്തെടുക്കുക. ശേഷം പ്ലേറ്റിലേക്ക് വിളമ്പുക.

**നിഖിത തോമസ്**

## 2026 ഇടവക തിരുനാൾ ആഘോഷ കമ്മിറ്റി

വികാരി : റവ : ഫാ. അനൂപ് കോലംകണ്ണി
കൈക്കാരൻമാർ: ജോസ് റാഫേൽ
ആൻഡ്രൂസ് പി.ജെ.
ജനറൽ കൺവീനർ : വിൻസൻ പി.ആർ.
ജോ. കൺവീനർ : ബാബു പി.കെ.
ട്രഷറർ : ജിന്റോ ജോൺസൻ

**വാദ്യം**

പി.കെ. ബാബു (കൺവീനർ)
സി.ആർ. പോൾ
ദേവസ്സി എൻ.കെ.

**ലൈറ്റ് & സൗണ്ട്**

ജോയൽ ജോൺസൻ (കൺവീനർ)
കെ.വി. ആന്റണി
ബെന്നി എൻ.വി.
ജെറിൽ ജിസ്റ്റോ

**ലിറ്റർജി & പള്ളി അലങ്കാരം**

സിസ്റ്റർ കാതറിൻ SMC (കൺവീനർ ലിറ്റർജി)
സിസ്റ്റർ ലിദിയ SMC
(കൺവീനർ പള്ളിയലങ്കാരം)
ലിജോ ജോർജ്ജ്
ബിജി ജോഷി, ജോയ്സി മാത്യു
ഷീജ ജെയ്സൻ, ജിംസി ജോർജ്ജ്
പ്രിൻസി ജോൺസൻ,
ജെർലിൻ ജോയ്

**അരങ്ങ് പന്തൽ**

സോജി പി.കെ. (കൺവീനർ)
ടി.എൽ. തോമസ്
പി.പി. വിൻസൻ

**അമ്പ് കുട**

ഡേവീസ് ടി.എൽ. (കൺവീനർ)
സിന്റോ ജോസ്, ജെയ്സൻ ജോൺ,
ജോഷി പി.വി.

**വർണ്ണമഴ**

എൻ.കെ. ജോസഫ് (കൺവീനർ)
ജെറിൻ ജോൺസൻ
സിന്റോ ജോസ്

**നേർച്ച**

ആന്റണി പി.വി. (കൺവീനർ)
ചാക്കോ എൻ.പി.
മൈക്കിൾ സി.വി.
ജോയ് ഇ.വി.
ഇ.ടി. മാത്യു
പി.കെ. ജോസ്. പി.ഡി. വർഗ്ഗീസ്
പി.ജെ. ഷിബു

**വളണ്ടിയർ**

പ്രവീൺ പോൾ (കൺവീനർ)
ജോഷി പി.വി.
മേജോ ജോണി
സിറിൽ ക്രിസ്റ്റോ
പ്രീജോ പോൾ
മാക്സൻ വർഗ്ഗീസ്
മെവിൻ വർഗ്ഗീസ്
ജിജോ ജോസ്
ബോണിഫസ് ജോൺ ബെന്നി

**റിസപ്ഷൻ**

പി.ജെ. പോൾ (കൺവീനർ)
പി.എ. ബാബു
ജോസ് റാഫേൽ
ആൻഡ്രൂസ് പി.ജെ.

**പ്രോഗ്രാം**

ജിന്റോ ജോൺസൻ (കൺവീനർ)
ജോവിൻ ജോൺസൻ
ജെഫ്രിൻ സോജി

**പബ്ലിസിറ്റി**

പോൾസൻ പി.ആർ. (കൺവീനർ)
ആന്റണി ദേവസ്സി
ബ്രിന്റോ ബാബു, വർഷ നോബിൾ
ഡാനി ഡേവിസ്

കണ്ണുനീരോടെ വിതക്കുന്നവർ ആനന്ദഘോഷത്തോടെ കൊയ്യട്ടെ
(സങ്കീർത്തനങ്ങൾ 126:5)

# നിത്യ കുർബ്ബാന ദിവസങ്ങൾ

| മാസം | തീയതി | പേര് |
|---|---|---|
| ജനുവരി | 06-1-2026 | പൊഴോലിപ്പറമ്പിൽ വാറുണ്ണി മകൾ ത്രേസ്യ |
| | 07-1-2026 | വേഴപ്പറമ്പിൽ കൂനൻ വറീത് ലോനപ്പൻ |
| | 08-1-2026 | നെടുംപറമ്പിൽ കുഞ്ഞുവറീത് പോൾ |
| | 10-1-2026 | കൊക്കൻ ലോനപ്പൻ ജോസ് |
| | 21-1-2026 | പാറേക്കാടൻ പൗലോസ് ഭാര്യ ഏല്യ |
| | 26-1-2026 | കൊടിയിൽ ഔസേപ്പ് ലൂയിസ് |
| ഫെബ്രുവരി | 03-2-2026 | ചിറ്റിലപ്പിള്ളി പൊഴോലിപ്പറമ്പിൽ തോമൻ അന്തോണി |
| | 07-2-2026 | തെക്കൻ മാത്യൂ ഭാര്യ താണ്ടമ്മ |
| | 17-2-2026 | നെടുംപറമ്പിൽ റപ്പായി മറിയം |
| | 18-2-2026 | ചിറ്റിലപ്പിള്ളി പൊഴോലിപ്പറമ്പിൽ ഔസേപ്പ് ലോന |
| | 19-2-2026 | പൊഴോലിപ്പറമ്പിൽ വറീത് ഭാര്യ ത്രേസ്യ |
| മാർച്ച് | 06-3-2026 | ചിറ്റിലപ്പിള്ളി പൊഴോലിപ്പറമ്പിൽ ലോനപ്പൻ ജോൺ |
| | 10-3-2026 | ചിറയത്ത് തെക്കൂടൻ ലോന ആന്റു |

# വി. സെബസ്ത്യാനോസിന്റെ നൊവേന തിരുനാൾ ഏറ്റെടുത്ത് നടത്തുന്നവർ

| മാസം | തീയതി | പേര് |
|---|---|---|
| ജനുവരി | 09-1-2026 | എസ്റ്റെല്ല മറിയം ടിനോയ് |
| | 16-1-2026 | ചിറയിൽ രാജു |
| | 23-1-2026 | നെടുപറമ്പിൽ വിബിൻ & വർണ്ണ |
| | 30-1-2026 | തെക്കുടൻ ലോന മാർട്ടിൻ |
| ഫെബ്രുവരി | 06-2-2026 | പി.ആർ.ജെയ്സൻ & ഷീജ |
| | 13-2-2026 | പൊഴോലിപറമ്പിൽ ബാബു & ബിജി |
| | 21-2-2026 | നെടുംമ്പാക്കാരൻ മാർട്ടിൻ ജോൺസൻ |
| | 28-2-2026 | ചാലിശ്ശേരി സാറ അന്ന പ്രിൻസ് |
| മാർച്ച് | 01-3-2026 | നിധിൻ പോൾ നെടുംപറമ്പിൽ |
| | 14-3-2026 | ചിറയത്ത് ജോണി & നിനോ |
| | 21-3-2026 | ക്രിസ് ആദം റിൻസ് പാറേക്കാടൻ |
| | 28-3-2026 | നെടുംമ്പാക്കാരൻ ജെസ്മിൻ മാർട്ടിൻ |

സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല;
1 യോഹന്നാൻ 4: 8

## ജനുവരി – ജന്മദിനം & വിവാഹവാർഷികം

**ജന്മദിനം**

| | |
|---|---|
| 3. | മറിയാമ്മ ചാക്കോ |
| 3. | ജിസ്ന യേശുദാസ് |
| 6. | ആനി റപ്പായി, എൻ.ആർ. പോളി,<br>ഡാനിയേൽ ആൻസൻ |
| 7. | ലോറ പ്രശാന്ത് |
| 10. | നേഹൽ ഐസക്ക് |
| 11. | ആനി പോൾ |
| 12. | ടി.എൽ. തോമസ്സ്, സ്മിത വിൻസന്റ് |
| | റോസിലി ലോനപ്പൻ, പി.പി. വിൽസൻ |
| 13. | ജീനാജോസ് |
| 15. | വി.ഒ. ആന്റണി |
| 16. | നവ്യാജോണി |
| 18. | ജെറീഷ് ജോയി |
| | ആൻമരിയ ജോയി |
| 19. | എഡ്വിൻ ജോഷി,<br>ഐവിൻ ജോർജ്ജ് |
| 20. | ആലീസ്സ് ആന്റണി, പി.ടി. വിൻസന്റ് |
| 21. | ബിബിൻ ബേബി, അജ്ഞലി ബാബു,<br>തെരേസ്സാ തോമസ് |
| 22. | ഗോഡ്വിൻ ജോഷി |
| 23. | റിജോയ് ആന്റണി |
| 26. | ഡിവിൻ സെബാസ്റ്റ്യൻ |
| 27. | ലില്ലി സ്റ്റാൻലി |
| 30. | അനറ്റ് മരിയ ജിയോ, ജെനറ്റ് ജോഷി |
| 31. | ടി.എൽ. ഡേവീസ് |

**വിവാഹവാർഷികം**

| | |
|---|---|
| 2 | ജിഞ്ചു ജോസ് – ലോഷിത ലിറ്റനി,<br>ഡെന്നി സെബാസ്റ്റ്യൻ – ആഷ്ലി |
| 5 | വിപിൻപോൾ–വർണ്ണ വിപിൻ |
| 9 | ജോയൽ ജോസ് – നതാഷ |
| 10 | എൻ.വി. ബിനോയ് – ജിനോ |
| 11 | നോബിൾ പോൾ–വർഷ നോബിൾ<br>ജോവിൻ ജോൺസൻ–മരിയ ജോവിൻ |
| 12 | പി.ഐ. ദേവസ്സിക്കുട്ടി – ഏല്യക്കുട്ടി,<br>പി.ഡി. ജോജോ – റാണി |
| 14 | പി.വി. ജോഷി – ബിന്ദു,<br>ഇ.ടി. ജോയി – മിനി |
| 17 | പി.ഡി. വർഗ്ഗീസ് – പ്രിൻസി |
| | അരുൺ ജോസ് – രേഷ്മ |
| 24 | പി.എം.ഡി. ജോസ് – റോസ്സിലി<br>പി.ജെ. ഷിബു – റീത്താ<br>ഐവിൻ ജോർജ്ജ് – നിമ്മി |
| 26 | വി.ഒ. ആന്റണി – മേരി |
| 27 | ബിബിൻ ബേബി – ജിഷ |
| 28 | അനൂപ് ജോസ് – റ്റാനിയ അനൂപ് |
| 29 | പി.എ. ജോസ് – ആനി |
| | ടി.പി. ജോർജ്ജ് – ജോഷി ജോർജ്ജ് |
| | പ്രശാന്ത് പോളി – അഞ്ജന പ്രശാന്ത് |
| 30 | വി.ടി. ജോസ് – ജീന |
| 31 | കെ.എ. സെബാസ്റ്റ്യൻ – ലൂസി<br>ടിനോയ് പോൾ – ക്രിസ്റ്റീൻ മരിയ |

## ഫെബ്രുവരി – ജന്മദിനം & വിവാഹവാർഷികം

**ജന്മദിനം**

| | |
|---|---|
| 5. | മരിയ ജോവിൻ |
| 6. | ജെസ്സി ബെന്നി, ജോവന്ന ആൻലിജോ |
| 7. | പി.എ. ജോസ്സ്, ഓമന ജോർജ്ജ് |
| | പി.പി. പോളി |
| 8. | പി.ആർ. വിൻസൻ |
| 9. | അഖിൽ ടോണി |
| 10. | പി.ഒ. റോയി |
| 11. | ജെയ്സി ബെന്നി |
| 12. | ജിന്റോ ജോയ് |
| 13. | ജിംസി ജോർജ്ജ് |
| 14. | ഗബ്രിയേൽ ബെന്നി, ലൂസിയാന ലിജോ |
| 15. | ജിപ്സൻ ജേക്കബ് |
| 16. | ടി.എൽ. ജോസഫ്, മേരി ആൻഡ്രൂസ്<br>സ്റ്റെഫി മരിയാ അഖിൽ |
| 17. | ഏയ്ദൻ ജോ ജിഞ്ചു |
| 18. | പ്രവീൺ പോൾ |
| 20. | ലിസ്സി പോളി, ടെസ്സാ തോമസ്,<br>ജിനോ ബിനോയി |
| 22. | ജിയോ ആൻഡ്രൂസ്, അനിത ജോർജ്ജ് |
| 25. | ആൻഡ്രൂസ് ജിയോ |
| 26. | ബിനോ മൈക്കിൾ, റോസിലി ജോസ് |
| 28. | റയാൻ വിൻസൻ |

**വിവാഹവാർഷികം**

| | |
|---|---|
| 1 | പി.ജെ. ആൻഡ്രൂസ് – മേരി |
| 2 | പി.ജെ. ബാബു – ബോബി |
| 4 | വി.വി. തോമസ് – സിജി |
| 7 | പി.ആർ. ജെയ്സൺ – ഷീജ |
| 10 | ടിറ്റോ പോൾ – ജിനി |
| 11 | പി.കെ. ബാബു – ബിജി |
| 12 | റിൻസൺ ആന്റണി – മെയ്മോൾ |
| | പി.ജെ.ബാബു – ലിൻസി |
| 16 | സി.ആർ. പോൾ – ജോയ്സി |

നിങ്ങൾ ജീവന്റെ വചനത്തെ മുറുകെ പിടിക്കുക (ഫിലി 2:16)

## മാർച്ച് – ജന്മദിനം & വിവാഹവാർഷികം

| | ജന്മദിനം |
|---|---|
| 1. | ഫാ. ജോസഫ് ചിറ്റിലപ്പിള്ളി |
| | ആൻസൻ മാത്യു, ലിസ്സി പോൾ |
| 2. | വിൻസി ജോൺസൻ, ജീയന്ന ജിന്റോ |
| 4. | ടി.എൽ. മാർട്ടിൻ, ലിജോ ജോൺ, ലിനി അനീഷ് |
| 5 | ഏരോൺ ബെന്നി |
| 6. | കെ.ഐ. പോളി, വെറോനിക്ക തോമസ് |
| 7. | മറിയം ജോണി, എബിൻ ജോയി, ഇഷാൻ സിന്റോ, സിൻസൻ കെ.വി. |
| 8. | നതാഷ സിസിലി ബാബു, പി.ജെ. ബാബു, ജെസ്‌ലിൻ ടിജോ, |
| 10. | വർഷ നോബിൾ, ജോയ്സി മാത്യു |
| 12. | നിഥിൻ പോൾ |
| 13. | അവിൻ ജോസഫ് ലിയോ, ഇടി. മേരി |
| 14. | ബോണിഫസ്സ് ജോൺ, ക്രിസ്ആദം റിൻസ് |
| 15. | സെലീന പോൾ, മരിയ സണ്ണി, ജെറിൽ ജോസ്, ക്രിസ് ജോൺ ജിപ്സൻ |
| 16. | മർഗരീത്താ ജോയ്, എവിയാജോജോ |
| 17. | ക്രിസ്റ്റീൻ മരിയ ടിനോയ് |
| 19. | അരുൺ ജോസ്, ആഷ്‌ലി എബിൻ |
| 21. | സോന ബാബു, മിനി ഡേവീസ്, സീന ജിജു, ഇവ എലിസബത്ത് ഷാബു |
| 23. | സ്റ്റെനി സിജോ, ഏരോൺ ഷാബു അഖില തോമാസ് |
| 24. | സിന്ധു ലെനീസ്സ്. ഫാ. മാക്സിൻ വിൻസന്റ്, ഷാബു സേവ്യാർ |
| 25. | മേരി ജോയി |
| 26. | ജിസ് മരിയ ജിന്റോ |
| 27. | ഹാരി ലിജു, ഡെയ്സി ജോസ് |
| | **വിവാഹ വാർഷികം** |
| 9 | സി.എ. ജോണി – നിനോ ജോണി |

## ഓർമ്മിക്കാം പ്രാർത്ഥിക്കാം

**ജനുവരി**

1 – ദൈവമാതാവ്
3 – വി. കുര്യാക്കോസ് ഏലിയാസ് ചാവറയച്ചൻ
6 – ദനഹാതിരുനാൾ
20 – വി. സെബസ്ത്യാനോസ്
28 – വി. തോമസ് അക്വിനാസ്
31 – വി. ഡോൺ ബോസ്ക്കോ

**ഫെബ്രുവരി**

1 – ഈശോയുടെ ദേവാലയ പ്രവേശനം
4 – വി. ജോൺ ബ്രിട്ടോ
11 – ലൂർദ്ദ് മാതാവ്
23 – വി. പൊളിക്കാർപ്

**മാർച്ച്**

8 – വി. യോഹന്നാൻ
19 – വി. യൗസേപ്പ് മരണതിരുനാൾ
25 – മംഗളവാർത്ത തിരുനാൾ

ആകയാൽ വിശ്വാസം കേൾവിയിൽനിന്നും കേൾവി ക്രിസ്തുവിനെപ്പറ്റിയുള്ള പ്രസംഗത്തിൽ നിന്നുമാണ്. (റോമ 10: 17)

## കുടുംബ സമ്മേളനങ്ങൾ

***ജനുവരി 2026** വചനഭാഗം : മാർക്കോസ് 3:7-19*

| യൂണിറ്റ് | കുടുംബ സമ്മേളനവീട് | ബൈബിൾ വ്യാഖ്യാനം |
|---|---|---|
| സെന്റ് സെബാസ്റ്റ്യൻ | നെടുപറമ്പിൽ കുഞ്ഞുവറീത് ദേവസ്സി | വർഷ നോബിൾ |
| സെന്റ് ജോസഫ് | പൊഴോലിപറമ്പിൽ മിഖായേൽ ദേവസ്സി ജോസ് | സി. ലിഡിയ |
| സെന്റ് മേരീസ് | പൊഴോലിപറമ്പിൽ റപ്പായി വിൻസൻ | ജെഫ്രിൻ സോജി |

***ഫെബ്രുവരി 2026** വചനഭാഗം: ലൂക്കാ 4:1-13*

| യൂണിറ്റ് | കുടുംബ സമ്മേളനവീട് | ബൈബിൾ വ്യാഖ്യാനം |
|---|---|---|
| സെന്റ് സെബാസ്റ്റ്യൻ | എരുമക്കാട്ടുപറമ്പിൽ വർഗ്ഗീസ് ജോയ് | ആൻസി ജിന്റോ |
| സെന്റ് ജോസഫ് | തെക്കൂടൻ ലോന ജോസഫ് | ഗ്രേയ്സി ജോർജ്ജ് |
| സെന്റ് മേരീസ് | പൊഴോലിപറമ്പിൽ ആനി റപ്പായി | സോന ബാബു |

***മാർച്ച് 2026** വചനഭാഗം: യോഹ 8: 1-11*

| യൂണിറ്റ് | കുടുംബ സമ്മേളനവീട് | ബൈബിൾ വ്യാഖ്യാനം |
|---|---|---|
| സെന്റ് സെബാസ്റ്റ്യൻ | എരുമക്കാട്ടുപറമ്പിൽ വർഗ്ഗീസ് പോൾ | ആന്റണി ദേവസ്സി |
| സെന്റ് ജോസഫ് | പൊഴോലിപറമ്പിൽ ഔസേപ്പ് ജോസ് | പ്രിൻസി വർഗ്ഗീസ് |
| സെന്റ് മേരീസ് | മേരി ജോണി കൂനൻ | മേരിസ് വർഗ്ഗീസ് |

## ദേവാലയ ശുദ്ധീകരണം

**ജനുവരി .................. സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്**
**ഫെബ്രുവരി ............ സെന്റ് ജോസഫ് യൂണിറ്റ്**
**മാർച്ച്........................ സെന്റ് മേരീസ് യൂണിറ്റ്**

കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്.
ഞാൻ ആരെ ഭയപ്പെടണം (സങ്കീ 27:1)

# ബൈബിൾ വായന

| തിയ്യതി | വചനഭാഗം | വായന |
|---|---|---|
| ജനുവരി 4 | പുറ 34 : 28 - 35 | തിരുനാൾദിനം |
| ജനുവരി 11 | പുറ 3 : 9 - 16 | ജിന്റോ ജോൺ |
| ജനുവരി 18 | നിയമ 31 : 1 - 8 | ഇവാന സിന്റോ |
| ജനുവരി 25 | ഉൽപ 29: 1 - 14 | ഷീജ ജെയ്സൻ |
| ഫെബ്രുവരി 01 | ലേവ്യ 4: 13 - 21 | ജോവാന ജോൺസൻ |
| ഫെബ്രുവരി 08 | എസെ 11: 14 - 21 | റിയ വിൻസൻ |
| ഫെബ്രുവരി 15 | പുറ 24: 12 - 18 | പ്രിൻസി വർഗ്ഗീസ് |
| ഫെബ്രുവരി 22 | ഉല്പ 13 : 1 - 13 | നിനോ ജോണി |
| മാർച്ച് 01 | നിയമ 15: 7 - 15 | ആരോൺ ബെന്നി |
| മാർച്ച് 08 | ഉൽപ 19:1 - 7 | റയാൻ വിൻസൻ |
| മാർച്ച് 15 | ഉൽപ 4:8 - 16 | ലിയോ റാഫേൽ |
| മാർച്ച് 22 | നിയമ 8:1 - 10 | ജോയ്സി സെബി |
| മാർച്ച് 29 | പുറ 15:1 - 3 | വർഷ നോബിൾ |

## ആത്മസാതം റിപ്പോർട്ട് 2025

1. **അമ്പത് നോമ്പിനോടുബന്ധിച്ച് 14 പള്ളി സന്ദർശനം നടത്തി**
2. **ഈസ്റ്റർ ദിനത്തിലെ നോമ്പ് വീടൽ സ്പോൺസർ ചെയ്തു.**
3. **തിരുവോണദിനത്തിലെ പായസം സ്പോൺസർ ചെയ്തു.**
4. **ജൂൺ മാസത്തിൽ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.**

നിന്റെ ദൈവമായ കർത്താവ് നീ പോകുന്നിടത്തെല്ലാം നിന്നോടുകൂടെ ഉണ്ടായിരിക്കും.( ജോഷ്വാ 1:9)



# വിശുദ്ധ സെബസ്ത്യാനോസിനോടുള്ള ജപം

പരിശുദ്ധാത്മാവേ എഴുന്നള്ളിവരണമേ, അങ്ങേ ദാനങ്ങൾ നല്കി ഞങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കണമേ. സ്വർഗ്ഗരാജ്യത്തെ കുറിച്ചുള്ള പ്രത്യാശയിൽ ഞങ്ങളെ നയിക്കണമേ. ഞങ്ങളുടെ ഹൃദയങ്ങളെ ദൈവസ്നേഹത്താൽ ജ്വലിപ്പിക്കണമേ. സഹോദര സ്നേഹത്തിൽ ഞങ്ങളെ വളർത്തണമേ. മിശിഹായെ എല്ലായിടത്തും ഏറ്റു പറയുന്നതിനും സഭയുടെ പാവനമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ആവശ്യമായ അനുഗ്രഹദാനങ്ങൾ ഞങ്ങൾക്കു നല്കുകയും ചെയ്യണമേ. ഞാൻ ലോകാവസാനം വരെ നിങ്ങളോടുകൂടി ഉണ്ടായിരിക്കുമെന്നും നരകവാതിലുകൾ സഭയ്ക്കെതിരായി പ്രബലപ്പെടുകയില്ലെന്നും അരുളിചെയ്തുകൊണ്ടു പരിശുദ്ധാത്മാവു വഴി സഭയെ നയിച്ചുകൊണ്ടിരിക്കുന്ന കർത്താവേ ഞങ്ങളുടെ പ്രാർത്ഥന ദയാപൂർവ്വം കേൾക്കണമേ. അങ്ങേ ദാസനായ വിശുദ്ധ സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥം വഴി ഞങ്ങൾക്ക് വിശ്വാസദാർഢ്യവും പുണ്യത്തിൽ അഭിവൃദ്ധിയും പ്രദാനം ചെയ്യണമേ. ഞങ്ങളെയും ഞങ്ങളുടെ നാടിനെയും എല്ലാവിധത്തിലുള്ള പകർച്ചവ്യാധികളിൽ നിന്നും പൈശാചികാക്രമണങ്ങളിൽ നിന്നും രക്ഷിക്കണമേ. അങ്ങയുടെ കൃപയിൽ ശരണപ്പെട്ടുകൊണ്ട് ഞങ്ങളിപ്പോൾ യാചിക്കുന്ന പ്രത്യേകാനുഗ്രഹം ഞങ്ങൾക്ക് നല്കണമേ. ആമേൻ

**1 സ്വ. 3 നന്മ. 1ത്രി.**

എല്ലാവിധ ശാരീരികരോഗങ്ങളിൽ നിന്നും ആത്മീയാപകടങ്ങളിൽ നിന്നും ഞങ്ങൾ രക്ഷപ്രാപിപ്പാൻ...

**വിശുദ്ധ സെബസ്ത്യാനോസേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.**